"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ - റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി സി -ഡിറ്റ് മുഖാന്തിരം സോഫ്റ്റ് വെയറുകളുടെ നിർമ്മാണം നടത്തിയ പ്രവർത്തികൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഇ) വകുപ്പ്

**സ.ഉ.(സാധാ) നം.1417/2021/റവ.** തീയതി,തിരുവനന്തപുരം, 23/03/2021

---

പരാമർശം:- 1 22/02/2000 ലെ സ.ഉ.(സാധാ).3/2000/ഐ.റ്റി.ഡി

2 23/07/2017 ലെ സ.ഉ(കൈ)നം.18/2017/ITD

3 16/10/2019 ലെ സ.ഉ.(സാധാ) 2879/2019/RD

4 07/08/2020 ലെ സ.ഉ.(സാധാ) 2813/2020/RD

5 23/01/2021, 25/02/2021 എന്നീ തീയതികളിലെ ലാന്റ് റവന്യൂ കമ്മീഷണറുടെ LR/21/2021- IT cell 7 നമ്പർ കത്തുകൾ.

**ഉത്തരവ്**

റവന്യൂ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി ചുവടെ വിവരിക്കുന്ന പ്രവർത്തികൾ കമ്പ്യൂട്ടർവത്ക്കരിക്കുവാൻ തീരുമാനിക്കുകയും ആയതിനായി സി-ഡിറ്റ് നെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം സി.ഡിറ്റ് സോഫ്റ്റ്‌വെയറുകളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടുവെന്നും കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി നടത്തിയ ടി പ്രവർത്തികൾക്ക് സാധൂകരണം നൽകണമെന്നും ആയത് വകുപ്പിൽ നടപ്പാക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (5) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ അപേക്ഷിക്കുകയുണ്ടായി .

| Sl. No | Project | Proceedings No. | work order date | work order amount | Date of Purchase Committee |
|---|---|---|---|---|---|
| 1 | HRMS | LR(IT CELL)-42342/20 | 21/01/2020 | 16,66,000/-<br>The proposed agreement comprises of the following financial split up 16,66,000(work order amount) +2,86,790(Maintenance cost payable) | 28-12-2019 |

| | | | | | |
|---|---|---|---|---|---|
| 2 | KBT | LT(IT CELL)-46146/19 | 21/01/2020 | 8,03,250/- The total agree ment amount is the sum total of the following amount) + 83,300(Maintenance cost for one year) | 06-12-2019 |
| 3 | LAND LEASE & SOCIAL SECURITY PENSION MANAGE MENT | LR(IT-3-1000/20 | 26-08-2020 | 11,60,250/- | 18/08/2020 |
| 4 | R-MITHRAM | LR(IT CELL)-5854/2019 | 24-09-2019 | 2,97,500/- | 20-08-2019 |
| 5 | RELIEF | LR(IT CELL)-33318/2019 | 29-11-2019 | 5,42,800/- | 20-08-2019 |

റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായുള്ള സോഫ്റ്റ് വെയർ ഡവലപ്മെന്റ്, പരാമർശം (1) ഉത്തരവ് പ്രകാരമുള്ള സർക്കാർ അംഗീകൃത റ്റി.എസ്.പി.കളായ എൻ.ഐ.സിയും സി-ഡിറ്റുമാണ് നിർവ്വഹിച്ചു പോരുന്നതെന്നും, റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (റലിസ്), റവന്യൂ ഇ-പെയ്മെന്റ് സിസ്റ്റം എന്നീ വെബ് ആപ്ലിക്കേഷനുകളുടെ വികസനവും പരിപാലനവും പാലക്കാട് നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേനയാണ് നിർവ്വഹിച്ചുവരുന്നതെന്നും കൂടാതെ വകുപ്പിലെ ഇതര പ്രവർത്തനങ്ങളിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി എച്ച്.ആർ.എം. എസ്, കെ.ബി.റ്റി. ലാൻഡ് ലീസ്, റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ, റവന്യൂ മിത്രം, റിലീഫ് എന്നീ വെബ് ആപ്ലിക്കേഷനുകൾ സി-ഡിറ്റ് മുഖേനയും വികസിപ്പിച്ചു വരുന്നുവെന്നും സോഫ്റ്റ് വെയർ വികസനം ആപ്ലിക്കേഷൻ സപ്പോർട്ട് എന്ന ഘടകത്തിൽ പരാമർശം (3) പ്രകാരം 100 ലക്ഷം രൂപയും 2019-2020 വർഷത്തെ ഭരണാനുമതി പരാമർശം (4) പ്രകാരം 149 ലക്ഷം രൂപയും 2029-00-001-97(P) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നുവെന്നും എന്നാൽ പ്രസ്തുത ഭരണാനുമതിയിൽ മോഡ്യൂളുകളുടെ തുക പ്രത്യേകമായി പരാമർശിച്ചിട്ടില്ലാത്തതിനാലാണ് മേൽ പ്രവർത്തികൾ നടപ്പിലാക്കിയതിന് സാധൂകരണത്തിനായി അപേക്ഷിച്ചതെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി സി -ഡിറ്റ് മുഖാന്തിരം സോഫ്റ്റ് വെയറുകളുടെ നിർമ്മാണം നടത്തിയ മേൽ പട്ടികയിലെ പ്രവർത്തികൾക്ക് സാധുകരണം നൽകിയും ടി പദ്ധതികൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ.എ.എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

ഐ.റ്റി വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ